"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ല - നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് ട്രൈബൽ മ്യൂസിയത്തിന് 10.00 ലക്ഷം രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകിയും മ്യൂസിയം നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2744/2025/LSGD  തീയതി,തിരുവനന്തപുരം, 08-11-2025

---

പരാമർശം:-

1. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.09.2023 JC1-302/2023 നമ്പർ കത്ത്
2. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.07.2023-ലെ 2(1) നമ്പർ തീരുമാനം
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥനതല കോർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025 ലെ യോഗതീരുമാനം 4.45

**<u>ഉത്തരവ്</u>**

വിവിധ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പാരമ്പര്യമായി കൈമാറിയിട്ടുള്ളതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതുമായ കാർഷിക ഉപകരണങ്ങൾ, വേട്ടയാടുന്നതിന് ഉപയോഗിക്കുന്ന ആയുധങ്ങൾ, ദൈവിക കാര്യങ്ങൾക്കും കലാകായിക വിനോദങ്ങൾക്കും മറ്റും ഉപയോഗിക്കുന്ന പൈതൃക വസ്തുക്കൾ എന്നിവ ശേഖരിച്ച് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ ട്രൈബൽ മ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ടി MLA-ADF ൽ നിന്ന് ഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറുകയും ഗ്രാമപഞ്ചായത്ത് 2021-22 വർഷം 8.00 ലക്ഷം രൂപയും, 2022-23 വർഷം 2.00 ലക്ഷം രൂപയും (ആകെ 10.00 ലക്ഷം രൂപ) TSP വിഹിതത്തിൽ നിന്ന് കെട്ടിടത്തിൽ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രക്ക് കൈമാറി, മ്യൂസിയം പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്166(1) 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ മ്യൂസിയം നടത്തിപ്പ് വരുന്നില്ല എന്നും സർക്കാർ ഉത്തരവുകൾ പ്രകാരം മ്യൂസിയം നടത്തിപ്പ് കേരള മ്യൂസിയം എന്ന സ്ഥാപനത്തെയാണ് ഏൽപ്പിക്കേണ്ടതെന്നും അതിനാൽ

മ്യൂസിയത്തിന്റെ തുടർ നടത്തിപ്പിന് സർക്കാർ അനുമതിയോടെ തുടർനടപടി സ്വീകരിക്കണമെന്നും ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് ട്രൈബൽ മ്യൂസിയത്തിന്റെ തുടർ നടത്തിപ്പിനും പരിപാലനത്തിനും അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 10.00 ലക്ഷം രൂപയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

നിലവിലെ വ്യവസ്ഥകൾ പ്രകാരം നിർമ്മാണം പൂർത്തിയായ മ്യൂസിയങ്ങളുടെ ഉടമസ്ഥതയും നടത്തിപ്പും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളാണ് നിർവ്വഹിക്കേണ്ടത് എന്നും സർക്കാരിന്റെ കീഴിലുള്ള വിവിധ മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ഏജൻസിയാണ് ചരിത്ര പൈതൃക മ്യൂസിയം എന്നും ട്രൈബൽ മ്യൂസിയം SC/ST വകുപ്പുമായി ബന്ധപ്പെട്ട വിഷയം ആയതിനാൽ തുടർ നടത്തിപ്പ് പ്രസ്തുത വകുപ്പോ തദ്ദേശസ്വയംഭരണ വകുപ്പോ നിർവ്വഹിക്കാവുന്നതാണ് എന്നും സാസ്കാരിക വകുപ്പ് അറിയിച്ചിട്ടുണ്ട്. മ്യൂസിയം നടത്തിപ്പുമായി ബന്ധപ്പെട്ട് കേരള ചരിത്ര പൈതൃക മ്യൂസിയത്തിന്റെ വിദഗ്ധ സേവനം നൽകാമെന്നും സാംസ്കാരിക വകുപ്പ് അറിയിച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയത് പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ട്രൈബൽ മ്യൂസിയത്തിന് 10.00 ലക്ഷം രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ സാംസ്കാരിക വകുപ്പ് അറിയിച്ചതനുസരിച്ച് ട്രൈബൽ മ്യൂസിയത്തിന്റെ ഉടമസ്ഥതയും മേൽനോട്ടവും തദ്ദേശസ്വയം ഭരണ വകുപ്പിന് കൈമാറിക്കൊണ്ട് ദൈനംദിന പ്രവർത്തനവും പരിപാലനവും ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുന്ന രീതി സ്വീകരിക്കാൻ നിർ ദേശിച്ചുകൊണ്ടും നടത്തിപ്പിന് ലേലം ചെയ്ത് കൊടുക്കാവുന്നതാണെന്നും, മ്യൂസിയത്തിന്റെ പ്രവർത്തനം, സംരക്ഷണം എന്നിവയ്ക്ക് 'ചരിത്ര പൈതൃക മ്യൂസിയ'ത്തിന്റെ ഉപദേശം തേടി വേണം തീരുമാനമെടുക്കേണ്ടതെന്നും നിർദേശിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് സെക്രട്ടറി, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് പ്രസിഡണ്ട്, നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്
ജില്ലാ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡണ്ട്, വയനാട് ജില്ല
ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട് ജില്ല
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട് ജില്ല

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 10-11-2025 11:26:12
സെക്ഷൻ ഓഫീസർ

പകർപ്പ്:
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്